**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 286** **07-10-2024 - ൽ മറുപടിയ്ക്ക്**

**മുൻഗണന റേഷൻകാർഡുകൾ അനുവദിക്കുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മാരകരോഗങ്ങൾ ബാധിച്ചവർക്ക് മുൻഗണന റേഷൻകാർഡ് നൽകുന്നതിന് നിലവിൽ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 2024 മാർച്ച് മാസത്തിന് ശേഷം കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിൽ എത്ര അപേക്ഷകർക്ക് എ എ വൈ ( Antyodaya Anna Yojana)കാർഡ് , മുൻഗണന കാർഡ് എന്നിവ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; | (ബി) | 3 എ.എ.വൈ കാർഡുകളും 878 മുൻഗണനാ കാർഡുകളും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | നിലവിൽ കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിൽ എ എ വൈ കാർഡിനും മുൻഗണന കാർഡിനുമായി അർഹരായ എത്ര പേരുടെ പട്ടിക തയാറാക്കിയിട്ടുണ്ടെന്നും അവർക്ക് എന്നത്തേക്ക് റേഷൻ കാർഡുകൾ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ ? | (സി) | നിലവിൽ എ.എ.വൈ വിഭാഗത്തിൽ 173 പേരുടെയും മുൻഗണനാ വിഭാഗത്തിൽ 15 പേരുടെയും അർഹതാ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത വിഭാഗങ്ങളിൽ ഒഴിവ് വരുന്ന മുറക്ക് റേഷൻകാർഡ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ